LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചില പദ്ധതികളുടെ കാര്യത്തിൽ അധിക ചെലവ് വേണ്ടിവന്നിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ഒന്നാം രണ്ടും ക്വാർട്ടറുകളിൽ നടപ്പിലാക്കിയ പദ്ധതികളിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ് രേഖപ്പെടുത്തിയ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇത്തരത്തിലുള്ള ചില പദ്ധതികളിലുണ്ടായ അധിക ചെലവ് മൊത്തം പദ്ധതി പ്രവർത്തനങ്ങളുടെ വിഭവങ്ങൾക്കുള്ളിലായതിനാൽ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിട്ടുള്ളതായി വിലയിരുത്തപ്പെട്ടിട്ടില്ല.

(ഡി) ആസൂത്രണ സാമ്പത്തിക കാര്യ (സി...ി.എം.യു) വകുപ്പിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 31-10-2014 വരെ മൊത്തം സംസ്ഥാന പദ്ധതി തുകയുടെ 27% ചെലവഴിച്ചിട്ടുണ്ട്.

നികുതി ബാദ്ധ്യത

124 (464) ശ്രീ. ജി. സുധാകരൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റിൽ സൂചിപ്പിക്കാതെയും നിയമസഭയിൽ ചർച്ച ചെയ്യാതെയും കനത്ത നികുതി ഭാരവും ബാദ്ധ്യതകളും ജനങ്ങളുടെ മേൽ ഓർഡിനൻസിലൂടെ അടിച്ചേൽപ്പിക്കുന്നത് ഭരണഘടന വിരുദ്ധവും കീഴ് വഴക്കമില്ലാത്തതുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കാത്തപ്പോഴും ഇത്രയും ഉയർന്ന തോതിൽ സാമ്പത്തിക ഭാരം അടിച്ചേൽപ്പിക്കുന്നതിന് ഇടയായ സാഹചര്യം കെടുകാര്യസ്ഥതയും അഴിമതിയും മൂലമാണെന്ന ആക്ഷേപത്തിൽ, നിലപാട് വ്യക്തമാക്കുമോ ;

(ഡി) എന്തുകൊണ്ടാണ് ഇത്തരമൊരു സാമ്പത്തിക പ്രതിസന്ധിയിലേക്കും വികസന മുരടിപ്പിലേക്കും സംസ്ഥാനം എത്തിച്ചേർന്നതെന്ന് പരിശോധന നടത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഓർഡിനൻസിലൂടെ നികുതി ഏർപ്പെടുത്തുന്നത് ഭരണഘടനാ വിരുദ്ധമല്ല. ഇത്തരം കീഴ്വഴക്കങ്ങൾ ഉണ്ട്. ഗവർണ്ണറുടെ അനുമതിയോടെയാണ് ഓർഡിനൻസ് പുറപ്പെടുവിക്കുന്നത്. തുടർന്ന് ഭരണഘടനയുടെ ആർട്ടിക്കിൾ 207(1) പ്രകാരം ബഹു. ഗവർണ്ണറുടെ ശുപാർശയോടെയാണ് ബില്ല് നിയമസഭയിൽ അവതരിപ്പിക്കുന്നത്.

(സി) സംസ്ഥാന ഖജനാവ് അഭിമുഖീകരിക്കുന്ന സാമ്പത്തിക വെല്ലുവിളികൾ തരണം ചെയ്യുന്നതിനുള്ള നടപടികളുടെ ഭാഗമായാണ് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി അധിക ധനാഗമമാർഗ്ഗങ്ങൾ ഓർഡിനൻസ് മുഖേന അടിയന്തരമായി നടപ്പിലാക്കിയത്.

(ഡി) സംസ്ഥാനത്തിന്റെ വികസനം മുരടിപ്പിക്കുന്ന തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധി നിലവിലില്ല.

സാമ്പത്തിക പ്രതിസന്ധി

125 (465) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമ്പത്തക പ്രതിസന്ധി നിലനിൽക്കുന്നുണ്ടോ ;

(ബി) ധനപരമായ ബുദ്ധിമുട്ടിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly